കേരള കാർഷിക സർവകലാശാല
കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തി, തൃശൂർ – 680651
ഇമെയിൽ: arsmannuthy@kau.in;
ഫോൺ: 04872 370726, 9446 370726

നമ്പർ: ബി/1056/2023 തിയതി: 30/10/2023

## ടെൻഡർ നോട്ടിസ്

ഈ കേന്ദ്രത്തിലെ ആവശ്യത്തിനായി കിർണി തൈകൾ [സപോട്ട റൂട്ട് സ്റ്റോക്ക്] വിതരണം ചെയ്യാൻ തയ്യാറുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ടെൻഡറുകൾ [ദർഘാസുകൾ] ക്ഷണിക്കുന്നു. അപ്രോച് ഗ്രാഫ്റ്റിങ് [Approach Grafting] ചെയ്യുന്നതിനു പ്രായമായതും 5" x 7" വലുപ്പത്തിലുള്ള കവറിലാക്കിയതുമായ 15,000 [പതിനയ്യായിരം] എണ്ണം തൈകളാണ് വിതരണം ചെയ്യേണ്ടത്. തൈകളുടെ വിലയും കടത്തുകൂലി മുതലായ ചെലവുകളും ബാധകമായ എല്ലാ നികുതികളും ഉൾപ്പെടെ ഈ കേന്ദ്രത്തിൽ എത്തിച്ചു തരുന്നതിന് ലഭിക്കേണ്ടതായ ഏറ്റവും കുറഞ്ഞ വിലയാണ് ക്വാട്ട് ചെയ്യേണ്ടത്.

## വ്യവസ്ഥകളും നിർദേശങ്ങളും

1. സർവകലാശാലയുടെ വെബ്സൈറ്റിൽ നിന്നും ടെൻഡർ ഫോം ഡൗൺലോഡ് ചെയ്യേണ്ടതും [വെബ്സൈറ്റ് വിലാസം: http://www.kau.in/Tenders/ Related Documents] പൂരിപ്പിച്ച ടെൻഡർ ഫോം, തിരിച്ചു നൽകാത്ത ഫീസായ 400 രൂപായും അതിന്റെ 18% ജി എസ് റ്റി-യും സഹിതം [ആകെ 472 രൂപാ മാത്രം] ഈ ഓഫിസിൽ സമർപ്പിക്കേണ്ടതുമാണ്. Professor & Head, Agricultural Research Station, Mannuthy, എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഒല്ലൂക്കര ശാഖയിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റായും തുക അടക്കാവുന്നതാണ്. ഡിമാൻഡ് ഡ്രാഫ്റ്റായി അടക്കുന്ന പക്ഷം ടെൻഡർ ഫീസിനും ജി എസ് റ്റി-ക്കും വെവ്വേറെ ഡ്രാഫ്റ്റ് എടുക്കേണ്ടതും അവ ടെൻഡർ ഫോമിനൊപ്പം സമർപ്പിക്കേണ്ടതുമാണ്.
2. 5000 രൂപാ [അയ്യായിരം രൂപാ മാത്രം] നിരതദ്രവ്യമായി അടക്കേണ്ടതാണ്. ആയത് ഈ ഓഫിസിൽ പണമായി അടക്കേണ്ടതാണ്. ടെൻഡർ ലഭിക്കാത്തവരുടെ നിരത ദ്രവ്യം, ടെൻഡർ നടപടികൾക്കു ശേഷം പണമായോ അക്കൗണ്ട് ട്രാൻസ്ഫറായോ തിരികെ നൽകുന്നതാണ്. ടെൻഡർ ലഭിക്കുന്നയാളുടെ നിരത ദ്രവ്യം, ടെൻഡർ കാലാവധിക്കു ശേഷം പലിശ രഹിതമായി മാത്രം തിരികെ നൽകുന്നതാണ്
3. സർവകലാശാലയുടെ വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിലുള്ള കരാർ 200 രൂപാ മൂല്യമുള്ള കേരള സർക്കാർ മുദ്രപത്രത്തിൽ ചമക്കേണ്ടതും ആയത് ടെൻഡർ ഫോമിനൊപ്പം സമർപ്പിക്കേണ്ടതുമാണ്
4. ഈ കേന്ദ്രത്തിൽ നിന്നു നിർദേശിക്കുന്ന സമയത്ത് ആവശ്യമായ എണ്ണം ഏറ്റവും മികച്ച ഗുണനിലവാരമുള്ള തൈകൾ എത്തിച്ചു തരേണ്ടതാണ്
5. എല്ലാ നികുതികളും, വാഹന–കയറ്റിറക്കു ചെലവുകളും, മറ്റു ചെലവുകളും ഉൾപ്പെടെ 15,000 [പതിനയ്യായിരം] എണ്ണം കിർണി തൈകൾ ഈ കേന്ദ്രത്തിൽ എത്തിച്ചു തരുന്നതിനു ലഭിക്കേണ്ടതായ വിലയാണ് ക്വാട്ട് ചെയ്യേണ്ടത്
6. "കിർണി തൈകൾ വിതരണം ചെയ്യുന്നതിനുള്ള ടെൻഡർ" എന്നു പുറത്തെഴുതിയതും The Professor & Head, Agricultural Research Station, Mannuthy, Thrissur – 680651, Kerala, എന്ന വിലാസത്തിലുള്ളതുമായ കവറിലാക്കിയ ടെൻഡർ രേഖകൾ, 07/11/2023 ചൊവ്വാഴ്ച ഉച്ചക്കു ശേഷം മൂന്നു മണിക്കോ അതിനു മുൻപോ ഈ ഓഫിസിൽ ലഭിക്കേണ്ടതാണ്. ലഭ്യമായ കവറുകൾ, സന്നിഹിതരായിട്ടുള്ള അപേക്ഷകരുടെ സാന്നിദ്ധ്യത്തിൽ അന്നേ ദിവസം തന്നെ ഉച്ചക്കു ശേഷം 03:30നു തുറന്നു പരിശോധിക്കുന്നതും മറ്റു നിബന്ധനകൾക്കു വിധേയമായി ഏറ്റവും കുറഞ്ഞ നിരക്കു രേഖപ്പെടുത്തിയ ടെൻഡർ സ്വീകരിക്കുന്നതുമാണ്

7 ടെൻഡർ ലഭിക്കുന്ന സ്ഥാപനമോ/വ്യക്തിയോ, അവർ നിയോഗിക്കുന്ന ജീവനക്കാരോ വാഹനങ്ങളോ കാരണമായി ഈ കേന്ദ്രത്തിന്റെ സ്ഥാവര/ജംഗമ വസ്തുക്കൾക്ക് ഏതെങ്കിലും തരത്തിലുള്ള നാശനഷ്ടങ്ങൾ സംഭവിക്കുന്ന പക്ഷം, ഫാം ഉദ്യോഗസ്ഥൻ നിശ്ചയിക്കുന്ന നഷ്ടപരിഹാര തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്

8 ടെൻഡർ ഉറപ്പിച്ചു കിട്ടുന്ന സ്ഥാപനം/വ്യക്തി, ടി പ്രവൃത്തി നിർവഹിക്കുന്നതിനുള്ള അവകാശം മറ്റാർക്കും കൈമാറ്റം ചെയ്യാനോ വീതം വെച്ചു നൽകനോ പാടുള്ളതല്ല

9 ടെൻഡർ സംബന്ധമായ കരാർ വ്യവസ്ഥകളുടെ വ്യാഖ്യാനത്തിലോ നടത്തിപ്പിലോ എന്തെങ്കിലും തർക്കം ഉടലെടുക്കുന്ന പക്ഷം ഈ കേന്ദ്രം മേധാവി അതിൽ തീർപ്പു കല്പിക്കുന്നതും പ്രസ്തുത തീർപ്പ് അന്തിമമായിരിക്കുന്നതുമാണ്

10 നിശ്ചിത സമയത്തു ലഭിക്കാത്തതോ, ഏതെങ്കിലും തരത്തിൽ അപൂർണമോ ആയ ടെൻഡറുകൾ തൽക്ഷണം നിരസിക്കുന്നതാണ്. ഏതെങ്കിലും കാരണത്താൽ ഏതെങ്കിലും ടെൻഡറുകൾ തള്ളിക്കളയുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരവും ഈ കേന്ദ്രം മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്. അത്തരം കാര്യങ്ങളിലുള്ള കേന്ദ്രം മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും

11 ടെൻഡറുകളുമായി ബന്ധപ്പെട്ട കേരള സർക്കാരിന്റെയും, കേരള കാർഷിക സർവകലാശാലയുടെയും എല്ലാ നിയമങ്ങളും നിബന്ധനകളും നിർദേശങ്ങളും ഉത്തരവുകളും വ്യവസ്ഥകളും ഈ ടെൻഡറിനും ബാധകമാണ്

12 ഈ ടെൻഡറുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ആവശ്യമാണെങ്കിൽ ഓഫിസ് സമയത്തു നേരിട്ടോ, 04872 370726, 9446 370726, എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടാവുന്നതാണ്

13 ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം ടെൻഡർ തുറക്കാൻ കഴിയാതെ വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തു തന്നെ ടെൻഡർ തുറക്കുന്നതാണ്

14 പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം ജി എസ് റ്റി നമ്പർ, പാൻ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവയുടെ പകർപ്പുകൾ സഹിതം ഇൻവോയ്സ് സമർപ്പിക്കേണ്ടതും ബാധകമായ മുൻകൂർ നികുതികളും, നിയമ പ്രകാരമുള്ള മറ്റു കിഴിവുകളും കുറവു ചെയ്തതിനു ശേഷമുള്ള തുക ക്രോസ്ഡ് ചെക്കായി വിതരണം ചെയ്യുന്നതുമാണ്

AGRICULTURAL RESEARCH STATION KERALA MANNUTHY Date......

30/10/23

പ്രൊഫസർ & ഹെഡ്

Professor & Head
Agricultural Research Station
Mannuthy - 680 651

സ്വീകർത്താവ്: ഡയറക്ടർ ഓഫ് ഇൻഫർമേഷൻ സിസ്റ്റംസ്, വെള്ളാനിക്കര
[സർവകലാശാലാ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി]
നോട്ടിസ് ബോർഡ് – കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി;
നോട്ടിസ് ബോർഡ് – വിജ്ഞാന വ്യാപന ഡയറക്ടറേറ്റ്, മണ്ണുത്തി;
നോട്ടിസ് ബോർഡ് – കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രം, മണ്ണുത്തി

പകർപ്പ്: ഫാം സൂപ്രണ്ട്